**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 534 08/08/2017 ൽ മറുപടിക്ക്**

**ചെറുകിട ഇടത്തരം വ്യവസായ സംരംഭകർക്ക് ജി.എസ്.ടി മൂലം ഉള്ള ബുദ്ധിമുട്ട്**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. വി.ഡി. സതീശൻ**<br>**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ. വി.പി. സജീന്ദ്രൻ**<br>**ശ്രീ. ഷാഫി പറമ്പിൽ** | **ശ്രീ. എ.സി.മൊയ്തീൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| എ) | ചെറുകിട ഇടത്തരം വ്യവസായ സംരംഭകർക്ക് ചരക്ക് സേവന നികുതി നടപ്പിലാക്കിയത് മൂലം ഉള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 75 ലക്ഷത്തിനു താഴെ വാർഷിക വിറ്റുവരവുള്ള ചെറുകിട വ്യവസായ സംരംഭകർക്കു ജി.എസ്.ടി. നിയമത്തിലെ വകുപ്പ് 10(2)-ൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി വകുപ്പ് (10) പ്രകാരം കോമ്പോസിഷൻ സ്കീം തിരഞ്ഞെടുത്തു കുറഞ്ഞ നിരക്കിൽ നികുതി ഒടുക്കിയാൽ മതിയാകുന്നതാണ്. |
| ബി) | ഉല്പന്നങ്ങളുടെ വിതരണത്തിൽ ജി.എസ്.ടി ചുമത്തപ്പെടുകയും ഇൻപുട്ട് ക്രെഡിറ്റ് ലഭ്യമാകാതെ വരുകയും ചെയ്യുന്നത് മൂലം ചെറുകിട ഇടത്തരം വ്യവസായ സംരംഭകരുടെ ഉല്പന്നങ്ങൾക്ക് വിലവർദ്ധനയുണ്ടാകുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; | ബി) | അസംസ്കൃത വസ്തുക്കൾ രജിസ്റ്റേർഡ് ഡീലേഴ്സിൽ നിന്നുമാണ് വാങ്ങുന്നതെങ്കിൽ ഒടുക്കിയ നികുതിക്കുള്ള ക്രെഡിറ്റ് ഉല്പാദകർക്കു ലഭ്യമാകുന്നതാണ്. രജിസ്ട്രേഷൻ ഇല്ലാത്ത വ്യാപാരികളിൽ നിന്നും വാങ്ങുന്ന വസ്തുക്കൾക്ക് റിവേഴ്സ് ചാർജ് എന്ന ഇനത്തിൽ ഉല്പാദകൻ നികുതി ഒടുക്കേണ്ടതുണ്ട്. എന്നാൽ ഈ രണ്ടു തരത്തിൽ നൽകിയ നികുതികൾക്കു ഉല്പാദകർക്കു ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് / സെറ്റ് ഓഫ് എടുക്കുവാൻ കഴിയുന്നതാണ്. ആയതിനാൽ ഇൻപുട്ട് ക്രെഡിറ്റ് എടുക്കുവാൻ കഴിയാതിരിക്കുന്നത് മൂലം ഉത്പന്നങ്ങൾക്ക് വില വർദ്ധന ഉണ്ടാകുന്ന സാഹചര്യവും ഉണ്ടായിട്ടില്ല. |

| | | | |
|---|---|---|---|
| സി) | എല്ലാ ചരക്കുകൾക്കും സേവനങ്ങൾക്കും ഒരേ നിരക്കിലുള്ള നികുതി ജി.എസ്.ടി യിൽ അടക്കേണ്ടതിനാൽ വൻകിട കമ്പനികളുമായി മത്സരിക്കുന്ന ചെറുകിട കമ്പനികൾക്ക് തിരിച്ചടിയാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അവരെ സഹായിക്കുവാൻ എന്ത് നടപടിയാണ് കൈക്കൊള്ളുന്നത് എന്ന് വിശദമാക്കാമോ ? | സി) | ജി.എസ്.ടി നിലവിൽ വരുന്നതിനു മുൻപുണ്ടായിരുന്ന നികുതി സമ്പ്രദായമായ വാറ്റ് നിയമത്തിലും ഉത്പന്നങ്ങളുടെ നികുതി നിരക്കിൽ വൻകിട ചെറുകിട വ്യത്യാസം ഉണ്ടായിരുന്നില്ല. ഇപ്പോഴും അതേ അവസ്ഥ തന്നെയാണ് നിലനിൽക്കുന്നത്. |

സെക്ഷൻ ഓഫീസർ